(ബി) കായൽമലിനീകരണം പരിഹരിച്ചില്ലെങ്കിൽ ആയത് വിനോദ സഞ്ചാര മേഖലയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇത് സംബന്ധിച്ച് എന്ത് അടിയന്തര നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ;

(സി) ടൂറിസം മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ പരിസര മലിനീകരണം നിയന്ത്രിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എന്തെങ്കിലും മുൻകരുതൽ എടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഉൾനാടൻ ജലാശയങ്ങളെ പൂർണ്ണമായും മാലിന്യ മുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് ആരോഗ്യ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആണ്. പ്രസ്തുത വകുപ്പുകളുമായി ബന്ധപ്പെട്ട് അവ പരിശോധിച്ച് ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) വേമ്പനാട്ടുകായലിനെ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ഹൗസ് ബോട്ടുകളിൽനിന്നും മാലിന്യം ശേഖരിച്ച് ശുദ്ധീകരിക്കുന്നതിനുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ കുമരകത്തും ആലപ്പുഴയിലെ എച്ച് ബ്ലോക്ക് കായലിലും ടൂറിസം വകുപ്പ് സ്ഥാപിച്ചിട്ടുണ്ട്.

### വിനോദ സഞ്ചാര മേഖലകളിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ

302(1003) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിനോദ സഞ്ചാര മേഖലകളിൽ എത്തുന്ന വിനോദ സഞ്ചാരികൾ പ്ലാസ്റ്റിക് വാട്ടർ ബോട്ടിലുകൾ, ക്യാരി ബാഗുകൾ ഇവ ഉപയോഗിച്ച ശേഷം വലിച്ചെറിയുന്നതുമൂലം ഉണ്ടാകുന്ന ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കേരളത്തിലെ വിനോദസഞ്ചാര മേഖലകളെ പൂർണ്ണമായും പ്ലാസ്റ്റിക് വിമുക്തമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇല്ലെങ്കിൽ വിനോദസഞ്ചാരികളെ ബോധവൽക്കരിക്കുന്നതിനും, പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കേരളത്തിലെ വിനോദസഞ്ചാര മേഖലകളിലെ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സമഗ്ര പദ്ധതി ഡി.റ്റി.പി.സി. തദ്ദേശ സ്വയംഭരണ വകുപ്പ് എൻ.ജി.ഒ.-കൾ എന്നിവ മുഖാന്തിരം നടത്തിവരുന്നുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ വിമുക്തമാക്കാൻ സംസ്ഥാനത്തെ ഡി.റ്റി.പി.സി.-കൾ മുഖേന ബോധവൽക്കരണ പ്രവർത്തനം നടത്തിവരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തരം കുടുംബശ്രീയുമായി സഹകരിച്ച് "Clean Destination campaign" എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കോവളം, മൂന്നാർ, കമ്പളങ്ങി പഞ്ചായത്ത്, വർക്കല എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിവിധ N.G.O.-കളുമായി സഹകരിച്ചുകൊണ്ടുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികളും നടത്തിവരുന്നു. ആലപ്പുഴ, കുമരകം, എന്നിവിടങ്ങളിലെ കായലോര ജലാശയങ്ങളിലെ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

**വിനോദ സഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി**

303(1004) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദ സഞ്ചാരികളെ ആകർഷിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഇന്ത്യയിലെ പ്രധാനപ്പെട്ട നഗരങ്ങളിൽ മെട്രോ ട്രെയിനുകൾ വഴിയുള്ള ബ്രാന്റിംഗ് കാമ്പയിൻ, മിഡിൽ ഈസ്റ്റ് രാജ്യങ്ങളെ ഉൾപ്പെടുത്തി പ്രിന്റ് വിഷ്വൽ മീഡിയകളിലൂടെ പരസ്യ കാമ്പയിൻ, ലണ്ടനിലെ 300- ഓളം ടാക്സികൾ കേന്ദ്രീകരിച്ചുള്ള ബ്രാന്റിംഗ് കാമ്പയിൻ, ഓസ്ട്രേലിയയിലെ